**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **17-03-2022 - ൽ മറുപടിയ്ക്ക്**

**നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് 2021-22 കാലയളവിൽ എത്രപേർക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ വനിതകൾ, വികലാംഗർ, വിമുക്ത ഭടൻമാർ, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് 2021-22 കാലയളവിൽ ഇത് വരെ 179 യൂണിറ്റുകൾക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ വനിതകൾ, വികലാംഗർ, വിമുക്ത ഭടൻമാർ, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. ക്രമ നം. ജില്ല വനിതകൾ വികലാംഗർ വിമുക്ത ഭടന്മാർ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗം 1 തിരുവനന്തപുരം 7 - - - 2 കൊല്ലം 7 - - 1 3 പത്തനംതിട്ട 6 - - - 4 ആലപ്പുഴ 11 - - 2 5 കോട്ടയം 3 - - - 6 ഇടുക്കി 8 - - 2 7 എറണാകുളം 21 2 - 2 8 തൃശ്ശൂർ 8 1 - - 9 പാലക്കാട് 2 - - - 10 മലപ്പുറം 4 - - - 11 കോഴിക്കോട് 22 - - - 12 വയനാട് 1 1 - - 13 കണ്ണൂർ 6 - - - 14 കാസർഗോഡ് 4 - - - ആകെ 110 4 0 7 |
| (ബി) | കരകൗശല തൊഴിലാളികൾക്ക് വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2021-2022 കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2021-22 കാലയളവിൽ കേരള സ്റ്റേറ്റ് ഹാന്റീക്രാഫ്റ്റ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) ഷോറൂമുകളിൽ അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കൂടാതെ 2021-22 കാലയളവിൽ കയർകേരള ഓൺലൈൻ എക്സിബിഷനിൽ കാഡ്കോ പങ്കെടുത്ത് വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 വ്യാപന സാഹചര്യത്തിൽ മറ്റ് വിപണനമേളകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ